**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4781** **20-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത്താറ് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ - മുനമ്പം റോഡ് വികസന പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ പള്ളിപ്പുറം റോഡിൽ KSTP II/CF-4 Road Safety improvement works from Vypin to Munambam Road (25.18 Km) Kerala under World Bank assisted Challenge fund of KSTP എന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തിയിൽ 1500 ഓളം സ്ലാബുകൾ കാസ്റ്റ് ചെയ്യുകയും അതിൽ 500 ഓളം സ്ലാബുകൾ കാനയിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 100 മീറ്ററോളം ഷോൾഡറിൽ ടൈൽ വിരിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ റോഡിലെ centre line ഉം pedestrian crossing ഉം മാർക്ക് ചെയ്യുന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ബസ് ബേ, കാന ബസ് ഷെൽട്ടർ തുടങ്ങിയവയുടെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | ബസ് ബേ, ബസ് ഷെൽട്ടർ എന്നിവയുടെ നിർമ്മാണത്തിനായി NATPAC ന്റെ detailed survey കഴിഞ്ഞ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥല വിസ്തൃതി കണക്കാക്കിയിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് മേൽ പ്രവൃത്തികൾ സ്ഥലം ലഭ്യമാക്കി ആരംഭിക്കുന്നതാണ്. |
| (ഡി) | മുപ്പത്താറ് കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | ടി പ്രവൃത്തിയിൽ 8 ബസ് ബേ നിർമ്മാണവും 25.5 കി.മീ. നീളത്തിൽ റോഡിനിരുവശവും ഫുട്പാത്ത് നിർമ്മാണവും 12 ബസ് ഷെൽട്ടർ നിർമ്മാണവും junction improvement പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ